(സി, ഡി) 31-8-2000 മുതലുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ക്ലെയിമുകൾ നൽകി വരുന്നു. 31-12-2002 വരെയുള്ള അപേക്ഷകളിൽ പണം നൽകാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2003 ജനുവരി മുതൽ ലഭിച്ച അപേക്ഷകളിൽ നടപടികൾ പൂർത്തിയായി വരുന്നു.

(ഇ) എല്ലാ അപേക്ഷകളിലും തീർപ്പ് കൽപ്പിച്ച് പണം നൽകുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അര കോടി രൂപയ്ക്കു പുറമേ 5 കോടി രൂപകൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഒഴിവുകൾ

50 [5606] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള കായംകുളം, കൊട്ടിയം ജില്ലാ ഓഫീസർമാരുടേയും ആയൂർ, കല്ലമ്പലം ഇൻസ്പെക്ടർമാരുടേയും ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകൾ താൽക്കാലികമായി നിർത്തലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലായതിനാലാണ് ജില്ലാ ഓഫീസർമാരുടെ തസ്തികയിൽ നിയമനം നടത്താതിരിക്കുന്നത്. ആയൂർ, കല്ലമ്പലം ഇൻസ്പെക്ടർമാരുടെ ഒഴിവുകളിൽ ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഐ. ടി. ഐ. പരീക്ഷകളിൽ പങ്കെടുത്ത വിദ്യാർത്ഥികൾ

51 [5607] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അദ്ധ്യയനവർഷം സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ.-കളിൽ എത്ര വിദ്യാർത്ഥികൾ വീതം പഠിച്ചിരുന്നുവെന്ന് ഐ.ടി.ഐ.-കൾ തിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(ബി) ഇക്കഴിഞ്ഞ ഐ.ടി.ഐ. പരീക്ഷകളിൽ എത്ര കുട്ടികൾ പരീക്ഷ എഴുതി എന്ന് ഐ.ടി.ഐ.-കൾ തിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(സി) ഓരോ ഐ.ടി.ഐ-കളിലും ആവശ്യമായ അറ്റൻഡൻസ് ഇല്ലാത്തതിനാൽ പരീക്ഷ എഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾ എത്ര പേരാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരീക്ഷ എഴുതുവാൻ എത്ര ശതമാനം അറ്റൻഡൻസാണ് ആവശ്യമെന്നും കഴിഞ്ഞ വർഷം അതിന് എത്രമാത്രം കുറവ് വന്നു എന്നും വെളിപ്പെടുത്തുമോ;

(ഇ) മുൻവർഷങ്ങളിലെപ്പോലെ ഇപ്രാവശ്യം പരീക്ഷ എഴുതുന്നതിന് ആവശ്യമായ ഹാജർ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ.-കളിൽ ഇക്കഴിഞ്ഞ വർഷം 7,715 വിദ്യാർത്ഥികൾ പഠിച്ചിരുന്നു. ഇവരിൽ 6,288 ട്രെയിനികൾ ജൂലൈ 2003-ൽ നടന്ന അഖിലേന്ത്യാ പരീക്ഷ എഴുതി. എന്നാൽ ആവശ്യമായ 80% അറ്റൻഡൻസ് ഇല്ലാത്തതിനാൽ 1,427 പേർക്ക് പരീക്ഷ എഴുതുവാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ട്രേഡ് ടെസ്റ്റ് നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്ന ട്രെയിനിംഗ് മാനുവലിലെ അപ്പന്റിക്സ് VIII ഖണ്ഡിക 9 അനുസരിച്ച് 80% ഹാജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. 2002 ജൂലൈയിലെ അഖിലേന്ത്യാ പരീക്ഷയ്ക്ക് ഹാജർ ശതമാനത്തിൽ യാതൊരു ഇളവും അനുവദിച്ചിട്ടില്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് സ്കീമിന്റെ ട്രെയിനിംഗ് മാനുവൽ ഖണ്ഡിക 19 അനുസരിച്ച് അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് ഏറ്റവും കുറഞ്ഞത് ആകെ അദ്ധ്യയന ദിവസങ്ങളുടെ 80% ഹാജർ വേണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ബാക്കി 20% ട്രെയിനികൾക്ക് അനുവദനീയമായ കാഷ്വൽ ലീവ്, മെഡിക്കൽ ലീവ്, സ്പെഷ്യൽ ലീവ് എന്നിവയ്ക്ക് വേണ്ടിയാണ്. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് നടത്തുന്നതും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതും എൻ. സി. വി. ടി.-യിൽ നിന്നായതിനാൽ ട്രെയിനിംഗ് മാനുവലിലെ നിയമങ്ങളിൽനിന്ന് വ്യതിചലിക്കാനാവില്ല. കഴിഞ്ഞ വർഷം ഹാജർ ശതമാനത്തിൽ ഇളവുകൾ അനുവദിച്ചിട്ടില്ല.

ഹാജർ കുറവ് കാരണം പരീക്ഷ എഴുതാൻ കഴിയാതായ ഐ. ടി. ഐ. വിദ്യാർത്ഥികൾ

52 [5608] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഐ. ടി. ഐ.-കളിൽ ഈ വർഷം എത്ര വിദ്യാർത്ഥികൾക്ക് ഹാജർ കുറവായ കാരണത്താൽ പരീക്ഷ എഴുതാൻ കഴിയാതെ വന്നിട്ടുണ്ടെന്ന് പറയാമോ;

(ബി) ഈ രീതിയിൽ ഹാജർ കുറവായിരുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുവാൻ മുൻവർഷം സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ വർഷം ഇപ്രകാരം അനുമതി നൽകാതിരിക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly